# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4095 24.06.2019-ൽ മറുപടിയ്ക്ക്**

### ഐ.ടി.ഐ.കളുടെ നവീകരണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ആർ.രാജേഷ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കരയിലെ ഉമ്പർനാട് ഐ. ടി. ഐ. യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും ഐ. ടി. ഐ. യ്ക്കായി പുതിയ കെട്ടിടം നിർമ്മിച്ച് ആധുനികവത്കരിക്കുന്നതിനും എസ്. സി./എസ്. റ്റി. വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മാവേലിക്കര ഐ. ടി. ഐ. യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി PWD കെട്ടിടവിഭാഗം തയ്യാറാക്കിയ 2 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി സ.ഉ (സാധാ) നം. 12/2019/പജപവവിവ, തീയതി. 09.01.2019 പ്രകാരം ഉത്തരവാകുകയും പ്രവൃത്തി ചെയ്യുന്നതിനുള്ള തുകയായ 2 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റാൻ അനുമതി ലഭിച്ചതുപ്രകാരം ആയത് പൊളിച്ചുമാറ്റുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ PWD സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള ഐ. ടി. ഐ.കൾ നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ. ടി. ഐ-കൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്ക്, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, കാർപെൻറർ, പ്ലംബർ, സർവ്വെയർ, പെയിൻറർ ജനറൽ, വെൽഡർ, സീവിംഗ് ടെക്നോളജി, ഡ്രൈവർ കം മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. ടി ഐ. ടി. ഐ. കളിൽ 3 എണ്ണം (തുണേരി, വരവൂർ, ബേള) 2010-ൽ പ്രവർത്തനം ആരംഭിച്ചതും മറ്റുള്ളവ 1992 മുതൽ പ്രവർത്തിച്ചു വരുന്നതുമാണ്.<br><br>ആദ്യകാലത്ത് ആരംഭിച്ച ഐ. ടി. ഐ-കളിൽ 7 എണ്ണം (മര്യാപുരം, ഓച്ചിറ, പന്തളം, ഐക്കാട്, എസ്.പി. കോളനി കറിച്ചി, മംഗലം, എങ്കക്കാട്) ഈ സർക്കാർ വന്നശേഷം താമസ സൗകര്യത്തോടു കൂടിയുള്ള എം. ആർ. ഐ. ടി. ഐ- കൾ ആക്കിമാറ്റിയിട്ടുണ്ട്. ഇവിടങ്ങളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുകയും വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി ഐ. ടി. ഐ - കളിലെ നിലവാരമുയർത്തുന്നതിനായി **Upgradation of Govt ITI's through PPP** എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി **4** ഐ. ടി. ഐ-കളിൽ ഈ സർക്കാർ, നിലവിലുള്ള കോഴ്സുകൾക്കു പുറമേ എലത്തൂർ (ഡി/ സിവിൽ, വെൽഡർ) മംഗലം (സർവ്വേയർ) മര്യാപുരം (സർവ്വേയർ) പന്തളം(എം. എം. വി, ഇലക്ട്രീഷ്യൻ) എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. ഇതു കൂടാതെ വർക്കല ഐ. ടി. ഐ-യിൽ ഡി/ സിവിൽ ട്രേഡും വി. ആർ. പുരം ഐ. ടി. ഐ. യിൽ ഇലക്ട്രീഷ്യൻ ട്രേഡും ഈ സർക്കാർ പുതുതായി ആരംഭിച്ചു.<br>പുതുതായി ആരംഭിച്ച ഐ. ടി. ഐ. ഉൾപ്പെടെ പുതുതായി തുടങ്ങിയ മുഴുവൻ കോഴ്സുകൾക്കും NCVT അംഗീകാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐ. ടി. ഐ- കളിൽ ആവശ്യമായ പുതിയ കെട്ടിട നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പഠനോപകരണ സംഭരണം തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും കോഴ്സുകൾക്കെല്ലാം NCVT അംഗീകാരം ലഭ്യമാക്കുകയും ചെയ്തു.<br>ഇതിനു പുറമേ വകുപ്പിന്റെ ഐ. ടി. ഐ. കളുടെ നവീകരണം ലക്ഷ്യം വച്ചു കൊണ്ട് നിലവിൽ ഏകവത്സര കോഴ്സുകളായ കാർപെന്റർ, പ്ലംബർ എന്നീ ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ. ടി. ഐ. കളിൽ പ്രസ്തുത കോഴ്സുകളുടെ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നിലവിൽ കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഉള്ള ഐ. ടി. ഐ. കളിൽ പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും പുതിയ ബാച്ചുകളും പുതിയ കോഴ്സുകളും ആരംഭിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. വകുപ്പിന്റെ ഐ. ടി. ഐ. കൾ നവീകരിക്കുന്നതിന്റെ ഭാഗമായി മിക്കവാറുമുള്ള എല്ലാ ഐ. ടി. ഐ. കളിലും കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പുതിയ സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ എല്ലാ ഐ. ടി. ഐ. കളിലും ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. ഓരോ വർഷവും ജോബ് ഫെയറിലൂടെ നിരവധി പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തുവരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ **2** ഐ. ടി. ഐ. കൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കട്ടമല ഐ. ടി. ഐ. ഉം |

| | | | |
|---|---|---|---|
| | | | ഇടുക്കി ജില്ലയിലെ നാട്ടുകാണി ഐ. ടി. ഐ-ഉം കുട്ടമല ഐ. ടി. ഐ. ക്ക് എം. പി. ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇടുക്കി ജില്ലയിലെ നാട്ടുകാണി ഐ. ടി. ഐ. യുടെ അക്കാഡമിക് ബ്ലോക്ക് കെട്ടിട നിർമ്മാണ പ്രവൃത്തിയും (അടങ്കൽ തുക **4.03** കോടിരൂപ) ഹോസ്റ്റൽ കെട്ടിട നിർമ്മാണ പ്രവർത്തിയും (അടങ്കൽ തുക **3.42** കോടി രൂപ) ആരംഭിച്ചു കഴിഞ്ഞു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന **2** ഐ. ടി. ഐ. കളും സർക്കാർ ഉത്തരവിൻ പ്രകാരം വ്യവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**